11. ഇൻഡക്സ് സീരീസ് വിഭാഗം താഴെ പറയുന്ന സൂചികകൾ തയ്യാറാക്കി:

(1) കാർഷികോൽപ്പന്നങ്ങളുടെ മൊത്തവിലസൂചിക.

(2) കാർഷിക വിഭവങ്ങളിൽനിന്നുള്ള വരുമാനവും അവയ്ക്കു വേണ്ടിവരുന്ന ചിലവും തമ്മിലുള്ള താരതമ്യപഠന സൂചിക.

(3) കാർഷിക വേതനസൂചിക.

12. സംസ്ഥാന വരുമാന നിർണ്ണയ വിഭാഗത്തിൽ റിപ്പോർട്ടുവർഷത്തിൽ ക്യാപ്പിറ്റൽ ഫോർമേഷൻ എക്കണോമിക്സ് ക്ലാസിഫിക്കേഷൻ ഓഫ് ബഡ്ജറ്റ് എന്ന രണ്ടു പുതിയ വിഭാഗങ്ങൾകൂടി പ്രവർത്തിച്ചുതുടങ്ങി.

13. റിപ്പോർട്ടുവർഷത്തിലും കേരളത്തിലെ തുറമുഖങ്ങൾവഴി നടത്തുന്ന കയറ്റുമതി ഇറക്കുമതി സ്ഥിതിവിവരക്കണക്കുകൾ സംഗ്രഹിക്കുകയും സമാഹരിക്കുകയും ചെയ്തു.

14. ഭവനനിർമ്മാണവും കെട്ടിടനിർമ്മാണജോലിക്കാരുടെ വേതനഘടനയും സംബന്ധിച്ച വിവരങ്ങൾ ശേഖരിക്കുകയും അവ വിശകലനം ചെയ്ത് ആവശ്യാനുസരണമുള്ള റിപ്പോർട്ടുകൾ തയ്യാറാക്കുകയുണ്ടായി.

15. തൊഴിൽ സ്ഥിതിവിവരക്കണക്കുവിഭാഗം പുതിയ ഫാക്ടറികളുടെ രജിസ്ട്രേഷനും ക്യാൻസലേഷൻ, എംപ്ലോയ്മെൻറിനെക്കുറിച്ചുള്ള റിട്ടേണുകൾ, തൊഴിലിനെ സംബന്ധിച്ചുള്ള റിട്ടേണുകൾ, തോട്ടംതൊഴിലാളികളുടെ വേതനസ്ഥിതിവിവരക്കണക്കുകൾ മുതലായവ തയ്യാറാക്കി.

16. ബ്യൂറോയിലെ വ്യാവസായിക സ്ഥിതിവിവര വിഭാഗം താഴെ പറയുന്ന റിപ്പോർട്ടുകൾ തയ്യാറാക്കി:

(1) 1973–74-ൽ ഫാക്ടറിമേഖല ഉപയോഗിച്ച് അസംസ്കൃത വസ്തുക്കളും ഉൽപ്പാദിപ്പിച്ച ഉൽപന്നങ്ങളും അടങ്ങുന്ന ഒരു പ്രസിദ്ധീകരണം.

(2) 1974–75 വാർഷിക സർവേയെ അധികരിച്ചുള്ള റിപ്പോർട്ട്.

(3) കേരളത്തിലെ മിനി വ്യവസായ എസ്റ്റേറ്റുകളിലെ ചെറുകിട വ്യവസായസ്ഥാപനങ്ങൾ നേരിടുന്ന പ്രശ്നങ്ങളെ അധികരിച്ചുള്ള ഒരു റിപ്പോർട്ട്.

17. 15–9–1975-ൽ സ്ഥാപിതമായ വ്യാവസായിക ഉൽപ്പന്ന സൂചിക തയ്യാറാക്കുവാനുള്ള പദ്ധതിപ്രകാരം റിപ്പോർട്ടുവർഷത്തിൽ 30–6–1977, 30–9–1977, 31–12–1977, 31–3–1978 എന്നീ കാലയളവിലെ ത്രൈമാസിക ഉൽപ്പാദനകണക്കുകൾ ശേഖരിക്കുകയുണ്ടായി. 30–6–1978, 30–9–1978 എന്നീ കാലയളവിലേക്കുള്ള ത്രൈമാസിക സൂചിക തയ്യാറാക്കുവാനുള്ള നടപടികളും സ്വീകരിച്ചു.

18. ബ്യൂറോയിലെ മാനുഷികശക്തി വിഭാഗം താഴെപ്പറയുന്ന പഠനങ്ങളെ സംബന്ധിച്ച് റിപ്പോർട്ടുകൾ തയ്യാറാക്കി:

(1) ആധുനിക വൈദ്യശാസ്ത്രത്തിൽ വിദഗ്ദ്ധപരിശീലനം നേടിയിട്ടുള്ളവരെപ്പറ്റിയുള്ള പഠനം.

(2) കേരളത്തിലെ കടലാസും കടലാസുകൊണ്ടുള്ള സാമഗ്രികളും ഉൾക്കൊള്ളുന്ന വ്യവസായത്തിലെ മാനവശക്തി ഉപയോഗിക്കുന്നതിലുള്ള കാര്യക്ഷമതയെപ്പറ്റിയുള്ള പഠനം.

25. ബ്യൂറോയിലെ പബ്ലിക്കേഷൻസ് ആൻഡ് കോ-ഓർഡിനേഷൻ ഡിവിഷൻ താഴെ പറയുന്ന പ്രസിദ്ധീകരണങ്ങൾ പ്രസിദ്ധപ്പെടുത്തി:

(1) ദി വൈറ്റൽ സ്റ്റാറ്റിസ്റ്റിക്സ് ബുളളററിൻ ഫോർ ദി ഇയേഴ്സ് 1973, 1974 ആൻഡ് 1975.

(2) എ കംബയിൻറ് റിപ്പോർട്ട് ഫോർ ദി ഇയേഴ്സ് 1973, 1974 ആൻഡ് 1975 ഓൺ 'കോസ് ഓഫ് ഡെത്ത് ഓഫ് മെഡിക്കലി സർട്ടിഫൈഡ് കേസസ് ഇൻ ഹോസ്പിറ്റൽസ് ഓഫ് കാലിക്കറ്റ് കോർപ്പറേഷൻ.

(3) എ റിപ്പോർട്ട് ഓൺ റസിഡൻഷ്യൽ വൈറ്റൽ റേറ്റ്സ് ഇൻ മുനിസിപ്പാലിറ്റീസ് ഫോർ ദി ഇയർ 1973.

(4) മുനിസിപ്പൽ ഇയർ ബുക്ക് ഓഫ് കേരള 1968–69 ടു 1972–73.

(5) സ്റ്റാറ്റിസ്റ്റിക്കൽ ഹാൻഡ് ബുക്ക് ഓഫ് കേരള 1975.

(6) കേരളാ പ്രോഗ്രസ് ഇൻ ടു ഡിക്കേറ്റ്സ് 1956–57 ടു 1976–77.

(7) സ്റ്റാറ്റിസ്റ്റിക്സ് ഫോർ പ്ലാനിംഗ് 1977.

(8) കേരളാ അറ്റ് എ ഗ്ലാൻസ് 1977.

(9) ദി നോൺ അഗ്രിക്കൾച്ചറൽ സെക്ടർ ഇൻ കേരള (കേരളത്തിലെ കാർഷികേതര മേഖല).

(10) എ റിപ്പോർട്ട് ഓൺ റിസൈഡൽ വൈറ്റൽ റേറ്റ്സ് ഓഫ് മുനിസിപ്പാലിറ്റി ഫോർ ദി ഇയർ 1974.

(11) സ്റ്റഡി ഓൺ ദി പ്രോസ്പെക്റ്റസ് ഓഫ് എംപ്ലോയ്മെൻറ് ഇൻ ഖാദി ആൻറ് വില്ലേജ് ഇൻഡസ്ട്രീസ്.

(12) റീസൻറ് സ്റ്റഡീസ് ബൈ ദി ബ്യൂറോ ഓഫ് ഇക്കണോമിക്സ് ആൻറ് സ്റ്റാറ്റിസ്റ്റിക്സ്, കേരളാ.

(13) കേരളാ ഇക്കണോമിക് പ്രോഗ്രസ് ഇൻ ഫിഗേഴ്സ്.

(14) മാൻ പവ്വർ സ്റ്റഡീസ് വോളിയം 1.

(15) പോപ്പുലേഷൻ ഇൻ കേരളാ ആൻറ് ഫാമിലി വെൽഫെയർ പ്രോഗ്രാം (ഇൻ മലയാളം).

(16) കൺസോളിഡേറ്റഡ് റിസൽറ്റ് ഓഫ് ക്രോപ് കട്ടിംഗ് സർവേ ഓൺ വിൻറർ ആൻഡ് സമ്മർ ക്രോപ് ഓഫ് പാഡി 1977.

(17) കൺസോളിഡേറ്റഡ് റിസൽറ്റ് ഓഫ് ക്രോപ് എസ്റ്റിമേഷൻ സർവേ 1976–77.

(18) കേരളത്തിലെ ജനസംഖ്യയും കുടുംബക്ഷേമവും.

(19) കേരളാ ഇൻ മാപ്സ് 1978.

(20) ഡിസ്ട്രിബ്യൂഷൻ ഓഫ് ലാൻഡ് ഹോൾഡിംഗ്സ് ഇൻ ദി സ്റ്റേറ്റ് ഓഫ് കേരള.

(21) റിപ്പോർട്ട് ഓൺ ക്രോപ്പ് കട്ടിംഗ് സർവേ ഓൺ ഓട്ടം ക്രോപ്പ് ഓഫ് പാഡി.

(22) എഡ്യൂക്കേഷൻ ഓഫ് ദി ഹാൻഡികേപ്ഡ് ഇൻ കേരളാ.

(23) റിപ്പോർട്ട് ഓൺ ദി ടൈമിലി റിപ്പോർട്ടിംഗ് സർവേ ഓഫ് അഗ്രിക്കൾച്ചറൽ സ്റ്റാറ്റിസ്റ്റിക്സ് ഇൻ കേരളാ 1976–77.

26. ബ്യൂറോയിൽ റിപ്പോർട്ടുവർഷത്തിൽ വിവിധ പദ്ധതികൾക്കായി 1,37,47,589 രൂപ ചിലവായി. കഴിഞ്ഞ വർഷത്തിൽ ചിലവായത് 1,22,65,833 രൂപയാണ്.

27. റിപ്പോർട്ടുവർഷം ഈ വകുപ്പിന്റെ പ്രവർത്തനം പൊതുവെ തൃപ്തികരമായിരുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)

കെ. നരസിംഹ അയ്യർ,
ജോയിന്റ് സെക്രട്ടറി.

